**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **2028**

**11.02.2020 ൽ മറുപടിയ്ക്ക്**

## ജനമൈത്രി പോലീസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ്. |
| (ബി) പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദാംശം നൽകുമോ? | (ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദ-മാക്കുന്നതിനും പോലീസ് സ്റ്റേഷനുകളിൽ ഏത് സമയത്തും ആർക്കും നിർഭയം കടന്നു ചെല്ലാവുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുൻകൈ എടുത്ത് നടപ്പിലാക്കിയ പദ്ധതിയാണ് ജനമൈത്രി സുരക്ഷാ പദ്ധതി. എല്ലാ ജീവനക്കാർക്കും സന്ദർശകർക്കും ആവശ്യമായ ഇരിപ്പിടങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും പ്രസ്തുത കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ നടന്നുവരാറുള്ള പരേഡ്, പോലീസ് സ്റ്റേഷന് സമീപമുള്ള പൊതു മൈതാനങ്ങളിൽ നടത്തണമെന്ന നിർദ്ദേശം എല്ലാ ജില്ലകളിലും പാലിക്കുന്നതിന് എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

ഇതിനുപുറമേ പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കുന്നതിനും അവരെ സഹായിക്കുന്നതിനുമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക്, പി.ആർ.ഒ സിസ്റ്റം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരെ നിയമിച്ചും പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദപരമാക്കിയും മറ്റും, പോലീസ് സ്റ്റേഷനുകളിൽ ആർക്കും നിർഭയം കടന്നു ചെല്ലുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ